"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം- 14

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ: സുനിൽ ജേക്കബ്ബ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ഇലക്ട്രാണിക് മെക്കാനിക് ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്ന് ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതു സംബന്ധിച്ച്.

സൂചന:- 1. 29.11.1971 ലെ 408/71/പിസി നമ്പരായിട്ടുള്ള സർക്കാർ വിജ്ഞാപനം.

2. 24.04.2008 ലെ 19855/സി1/2008/തൊഴിൽ നമ്പർ സർക്കാർ കത്ത്.

## ഉത്തരവ് നമ്പർ: എ2/387/2002 തീയതി:08.05.2013

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ യഥാക്രമം പി.എസ്.സി മുഖാന്തിരവും വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം മുഖാന്തിരുവും നിയമനം നൽകി നികത്തേണ്ടതാണ്. മേൽ പറഞ്ഞ അനുപാതം നിശ്ചയിക്കുന്നത് ആകെ അംഗബലത്തിൽ അഥവാ കേഡർ സ്ട്രംങ്തിൽ ആയിരിക്കണമെന്ന് സൂചന (2) പ്രകാരമുള്ള സർക്കാർ നർദ്ദേശം നൽകിയിട്ടുണ്ട്. ടി നർദ്ദേശം പാലിച്ച് ഇലക്ട്രോണിക് മെക്കാനിക് ട്രേഡിലെ ഇൻസ്ട്രക്ടർമാരുടെ കേഡർ സ്ട്രംങ്ത് പരിശോധിച്ച് ക്രമീകരിക്കുകയുണ്ടായി. ഇലക്ട്രോണിക് മെക്കാനിക്കിലെ കേഡർ സ്ട്രംങ്ത് 75 ആണ് 3:1 എന്ന അനുപാതം പരിഗണിച്ച് 18 പേർക്ക് വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്ന് ഉദ്യോഗക്കയറ്റം വഴി ജൂനിയർ ഇൻസ്ട്രക്ടറായി നിയമിക്കപ്പെടേണ്ടതുണ്ട്. വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ക്രമ നമ്പർ (14) ആയ അശോക് .എസ് ആനന്ദിന് ഉത്തരവ് നമ്പർ എ2/4315/07 തീയതി:20.02.2008 പ്രകാരം എ.സി.ഡി. ഇൻസ്ട്രക്ടറായി ഉദ്യോഗക്കയറ്റം നൽകിയിരുന്നു. വർക്ക്ഷോപ്പ് അറ്റൻഡർമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പരിശോധിച്ചതിൽ ഇനി ഉദ്യോഗക്കയറ്റം നൽകേണ്ടത് താഴെ വിവരിക്കുന്ന ഉദ്യോഗസ്ഥർക്കാണ്.

| ക്രമ നം. | ഗ്രഡേഷൻ ലിസ്റ്റ് ക്രമ നമ്പർ | പേര് | യോഗ്യത | പ്രവർത്തി പരിചയം |
|---|---|---|---|---|
| 1. | 15 | സി.ഡി. സന്തോഷ് | എൻ.ടി.സി/ എൻ.എ.സി. ഇലക്ട്രോണിക് മെക്കാനിക് | 14.02.2004 ൽ ടിയാൻ വർക്ക്ഷോപ്പ് അറ്റൻഡർ കാറ്റഗറിയിലുള്ള പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട് |
| 2. | 16 | സത്യജിത്ത് റായ്.ഡി | എൻ.ടി.സി./ എൻ.എ.സി. ഇലക്ട്രോണിക് മെക്കാനിക് | 19.03.2004 ൽ ടിയാൻ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട് |

ക്രമ നമ്പർ 15 ശ്രീ. സി.ഡി. സന്തോഷ് ക്രമ നമ്പർ 16 സത്യജിത്ത് റായ് എന്നിവർക്ക് നിശ്ചിത യോഗ്യതയുള്ളതിനാലും വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലുള്ള പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതിനാലും കേരള സംസ്ഥാന കീഴുദ്യോഗസ്ഥ സേവന വ്യവസ്ഥകളിലെ ചട്ടം 9(എ)(1) അനുസരിച്ച് 13900-24040 രൂപ ശമ്പള സ്കെയിലിൽ താല്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1. | സി.ഡി. സന്തോഷ് | മാള ഐ.ടി.ഐ. |
| 2. | ഡി. സത്യജിത്ത് റായ് | ചെങ്ങന്നൂർ ഐ.ടി.ഐ. |

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ഓപ്ഷൻ പുതുക്കിയ രജിസ്റ്ററിൽ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനകം നൽകേണ്ടതാണ്. ടി ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവിന് വിധേയമായി വകുപ്പ് നിർദ്ദേശിക്കുന്ന ട്രെയിനിംഗ് സെന്ററുകളിൽ ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ഉദ്യോഗക്കയറ്റത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥന് യാത്രാബത്ത, ദിനബത്ത, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് നിയമാനുസൃതം അർഹത ഉണ്ടായിരിക്കുന്നതാണ്. ടി ഉദ്യോഗസ്ഥർ വിടുതൽ ചെയ്യുന്ന

തീയതിയും പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതിയും ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പൽമാർ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്
ഉദ്യോഗസ്ഥർക്ക്.

പകർപ്പ് :-1. പ്രിൻസിപ്പൽ, ഐ.ടി.ഐ., ചെങ്ങന്നൂർ/ചാലക്കുടി.
2. ഡി.റ്റി./എ.ഡി.റ്റി./ജെ.ഡി.റ്റി. സിഎമാർ.
3. റ്റി.റ്റി.ഒ. (4) എസ്.എസ്.(എ).
5. കരുതൽ ഫയൽ (എ2).

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.

J/25/03/2013